04-12-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Sreekala S Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/12/2022.

1. **ആസാദി കാ അമൃത്** മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഡിസംബർ ഒന്നു മുതൽ ഏഴ് വരെ വിള ഇൻഷുറൻസ് വാരാചരണം സംഘടിപ്പിക്കുന്നു ഇതിന്റെ ഭാഗമായി കേന്ദ്രവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ ആയ പ്രധാനമന്ത്രി ഫസൽ ബീമാ യോജന കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയിൽ കർഷകർക്ക് അംഗത്വം എടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **180-425-7064** എന്ന നമ്പരിൽ ബന്ധപ്പെടുക. രജിസ്ട്രേഷനുള്ള അവസാന തീയതി 2022 **ഡിസംബർ** 31 .

2. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0471- 2440074, 9495592514** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംസ്ഥാനത്തെ 30 തൊഴിൽരഹിതരായ കാർഷിക എൻജിനീയറിങ് ബിരുദധാരികൾക്ക് കാർഷിക യന്ത്ര പ്രവർത്തന സേവനത്തിൽ 20 ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ നാളെ (05/12/2022) വൈകിട്ട് 5 മണിക്ക് മുമ്പായി മിഷന്റെ spokksac1@gmail.com എന്ന ഇമെയിൽ അഡ്രസ്സിൽ അപേക്ഷകൾ സമർപ്പിക്കുക. അപേക്ഷ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ 8281200673 നമ്പർ വാട്സ്ആപ്പ്ലൂടെയോ അല്ലെങ്കിൽ ഈമെയിൽ വഴിയോ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന കെപ്കോ കേരള ചിക്കൻ (ചിൽഡ്-ഫ്രഷ്, ഫ്രോസൺ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും) വിൽപ്പന നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഡിസംബർ** 09-ന് മുമ്പ് മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ **9495000921** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാല, വിജ്ഞാനവ്യാപനവിഭാഗത്തിൻറെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ വെച്ച് **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

7. ശീതകാല പച്ചക്കറി വിളയായ സവാള കൃഷിയ്ക്കായി തയ്യാറെടുക്കുന്ന കർഷകർ 45 മുതൽ 60 ദിവസം പ്രായമായതും 0.6 സെ.മീ മുതൽ 0.8 സെ.മീ വരെ വണ്ണവും 15 സെന്റിമീറ്റർ വരെ ഉയരവും ഉള്ള

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൈകൾ നഴ്സറിയിൽ നിന്നും പ്രധാന കൃഷിയിടത്തിലേക്ക് ഡിസംബർ ആദ്യ വാരത്തോടെ പറിച്ചു നടേണ്ടതാണ്. 15 സെന്റിമീറ്ററിനു മുകളിൽ ഉയരമുള്ള തൈകളുടെ തലപ്പ് നുള്ളി കൊടുത്തതിനു ശേഷം പറിച്ചു നടീലിനായി അവ ഉപയോഗിക്കുക. പകലിന്റെ ദൈർഘ്യവും ചൂടും കുറഞ്ഞു നിൽക്കുന്ന സമയത്താണ് സവാള പറിച്ചു നടേണ്ടത്. നടുന്ന സമയത്തു തണുപ്പ് കാലാവസ്ഥയും വിളവെടുപ്പിന്റെ സമയത്തു ചൂടുള്ള കാലാവസ്ഥയുമാണ് പൊതുവെ സവാള കൃഷിയ്ക്ക് ആവശ്യം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം